അടിയന്തരമായി അന്വേഷിക്കുന്നതിന് ഒരു സമിതിയെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തുകൊണ്ട് അവയെക്കുറിച്ച് പരിശോധിക്കും. ചില പഞ്ചായത്തിൽനിന്ന് സൂത്രത്തിൽ ലൈസൻസ് സംഘടിപ്പിച്ചെടുക്കുന്നവരുണ്ട്. ഇതുവരെയില്ലാത്ത രീതിയിൽ ഇത്തരം സ്ഥാപനങ്ങളുടെ നിയന്ത്രണത്തിന് ആവശ്യമുള്ള സംവിധാനം സോഷ്യൽ ജസ്റ്റീസ് ഡിപ്പാർട്ടുമെന്റ് കൊണ്ടുവരുന്നതാണ്. അതിന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയ കാര്യം അറിയിക്കുന്നു.

## (18) കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്

ശ്രീ. റോജി എം. ജോൺ: സർ, ആദിശങ്കരന്റെ ജന്മംകൊണ്ട് പുണ്യമായ കാലടിയും തോമാശ്ലീഹയുടെ പാദസ്പർശമേറ്റ മലയാറ്റൂരും പ്രകൃതിരമണീയ പ്ലാന്റേഷൻ ആയ ഏഴാറ്റുമുഖം പ്രദേശങ്ങളുമൊക്കെ ഉൾപ്പെട്ട എന്റെ നിയോജക മണ്ഡലമായ അങ്കമാലിക്ക് ടൂറിസം രംഗത്ത് അനന്തമായ സാധ്യതകളാണുള്ളത്. ഇതോടൊപ്പം ചേർന്നുകിടക്കുന്ന അതിരപ്പിള്ളിയും കോടനാടുമൊക്കെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ടൂറിസം സർക്യൂട്ട് പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് കൺസൾട്ടിംഗ് ഏജൻസിയായ ജിറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിഷയനിർണ്ണയ സമിതിയുടെ റിപ്പോർട്ടനുസരിച്ച് ജിറ്റ്പാക് ഇതിന്റെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചുവെന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് സംബന്ധിച്ച് വിവിധ വകുപ്പുകളുടെ ഏകോപനം നടക്കേണ്ടതുകൊണ്ടും വിവിധ വകുപ്പുകളുടെ എൻ.ഒ.സി. ലഭ്യമാകാത്തതുകൊണ്ടും ഈ റിപ്പോർട്ട് സർക്കാരിലേയ്ക്ക് എത്തുന്നതിന് കാലതാമസമുണ്ടാകുന്നുവെന്നും കേന്ദ്രസർക്കാരിന് സമർപ്പിക്കാൻ വൈകുന്നു വെന്നുമാണ് മനസ്സിലാക്കുന്നത്. ഞാൻ ഇന്ന് രാവിലെയും ഈ വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് സൂചിപ്പിച്ചതാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് അതിന്റെ എൻ.ഒ.സി.-കൾ ലഭ്യമാക്കുന്നതിനും അന്തിമ റിപ്പോർട്ട് എത്രയും വേഗം സർക്കാരിൽ ഹാജരാക്കി, അത് കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ആവശ്യമായിട്ടുള്ള ഫണ്ട് ലഭ്യമാക്കിക്കൊണ്ട് കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട് പദ്ധതി എത്രയും വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ചാലക്കുടി ലോക്സഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന നാല് നിയോജകമണ്ഡലങ്ങൾ ഈ പദ്ധതി പ്രദേശമായി വരും. ബഹുമാനപ്പെട്ട അങ്കമാലി എം.എൽ.എ. റോജി എം. ജോൺ, ചാലക്കുടി എം.എൽ.എ. ബി. ഡി. ദേവസ്സി ഇവരെല്ലാം തന്നെ ഈ പദ്ധതിയുടെ മുന്നോട്ടുള്ള പ്രയാണത്തിന് വളരെ സജീവമായിട്ടുള്ള നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ചാലക്കുടി

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

LIBRARY ARCHIVES Kerala Legislative Assembly

ലോക്സഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രധാന ടൂറിസം കേന്ദ്രങ്ങളെ പരസ്പരം ബന്ധപ്പെടുത്തി ഒരു ടൂറിസം സർക്യൂട്ട്, കേന്ദ്ര ടൂറിസം സ്കീമായ 'സ്വദേശ് ദർശനിൽ' ഉൾപ്പെടുത്തുന്നതിനായി ഈ സർക്കാർ തീരുമാനമെടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അതിരപ്പിള്ളി, മലയാറ്റൂർ, കാലടി, കോടനാട് നാച്വറൽ ടൂറിസം സർക്യൂട്ടിനായി ഒരു പ്രോജക്ട് റിപ്പോർട്ട് M/s. ജിറ്റ്പാക് എന്ന ഏജൻസി മുഖേന തയ്യാറാക്കി, സ്ഥലം എം.പി.-യായ ശ്രീ. ഇന്നസെന്റ് ബഹുമാനപ്പെട്ട കേന്ദ്ര ടൂറിസം വകുപ്പുമന്ത്രിക്ക് കേന്ദ്രാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്നു. കേന്ദ്രത്തിന് സമർപ്പിച്ചിരുന്ന പദ്ധതി പ്രൊപ്പോസൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് സമർപ്പിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് അയച്ചു തന്നിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്. ഈ പദ്ധതി കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനായി ഡി.പി.ആർ. സമർപ്പിക്കുന്നതിനോടൊപ്പം പദ്ധതി പ്രദേശങ്ങൾ ഉൾപ്പെടുന്ന സ്ഥലങ്ങളുടെ എൻ.ഒ.സി. കൂടി ഹാജരാക്കേണ്ടതും അത്യാവശ്യമാണ്. കൂടാതെ കേന്ദ്ര സർക്കാരിന്റെ 'സ്വദേശി ദർശൻ' സ്കീമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചു വരുന്നു. എത്രയും വേഗം പദ്ധതി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്. പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കിയ ശേഷമേ സ്ഥല ലഭ്യത അടക്കമുള്ള കാര്യങ്ങൾ പരിഗണിക്കാനും ഏജൻസികൾ തമ്മിലുള്ള ഏകോപനത്തിനും കഴിയുകയുള്ളൂ. നിലവിൽ ഇത്തരം നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ എല്ലാ ഏജൻസികളെയും എല്ലാ വകുപ്പുകളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## (19) ഖാദി മേഖലയിലെ പ്രതിസന്ധി

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാനത്തെ ഖാദി മേഖലയാകെ പ്രതിസന്ധിയിലാണ്. 2015-16-ലെയും 2016-17-ലെയും റിബേറ്റ് കുടിശ്ശിക ഇതുവരെ കിട്ടിയിട്ടില്ല. 2017-18 നടപ്പുവർഷത്തെ റിബേറ്റിനെക്കുറിച്ച് ഒരു നയവും രൂപീകരിച്ചിട്ടില്ല. പതിനയ്യായിരത്തോളം തൊഴിലാളികളുള്ള ഒരു മേഖലയാണിത്. ഖാദിക്ക് ഇപ്പോൾ വിലയും കൂടിയിട്ടുണ്ട്. റിബേറ്റ് കുടിശ്ശിക കൂടി കിട്ടാത്ത അവസ്ഥയിൽ ഇത് വളരെ ഗുരുതരമായ പ്രതിസന്ധിയിലേക്ക് പോയിരിക്കുകയാണ്. സർക്കാർ അടിയന്തരമായി കുറേ തുകയെങ്കിലും റിബേറ്റ് കുടിശ്ശികയായി നൽകണമെന്നും അടുത്ത വർഷത്തെ റിബേറ്റ് നയത്തെക്കുറിച്ച് എന്തെങ്കിലുമൊരു രൂപീകരണം നടത്തണമെന്നും അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഖാദി തുണിത്തരങ്ങളുടെ വില്പന പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന